പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2668 10.12.2014-ൽ മറുപടിക്ക്

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.ടി.പി.അഷ്റഫിന്റെ അധിക ചുമതല

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2009-ലെ മെഡിക്കൽ വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം മെഡിക്കൽ കോളേജ് അദ്ധ്യാപകരെ തീവ്രരോഗിപരിചരണത്തിനും പൂർണ്ണ സമയ അദ്ധ്യാപനത്തിനുമല്ലാതെ മറ്റു വകുപ്പുകളുടെ അഡ്മിനിസ്ട്രേറ്റീവ് അധിക ചുമതല നിർവ്വഹിക്കുന്നതിന് നിയോഗിച്ചിട്ടുണ്ടോ; | (എ)മെഡിക്കൽ കോളേജ് അദ്ധ്യാപകരെ തീവ്രരോഗി പരിചരണത്തിനും പൂർണ്ണ സമയ അദ്ധ്യാപനത്തിനുമല്ലാതെ ആശുപത്രികളുടെയും കോളേജിന്റെയും ഭരണപരമായ ചുമതലകളും ഏൽപ്പിക്കാറുണ്ട്. മറ്റ് വകുപ്പുകളിലേക്ക് സാധാരണയായി നിയമിക്കാറില്ല. |
| (ബി)കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.ടി.പി.അഷ്റഫിനെ ഇത്തരത്തിൽ എന്തെങ്കിലും ചുമതലകൾ സർക്കാർ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ അസോസിയേറ്റ് പ്രൊഫസറായ ഡേ.ടി.പി.അഷ്റഫിനെ 31.01.2012 ലെ സ.ഉ.(സാധാ)നം. 57/2012/എസ്.ഡബ്ള്യൂ.ഡി, 14.05.2012 ലെ സ.ഉ.(സാധാ)നം 1606/2012/ആകുവ ഉത്തരവുകൾ പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. ആഴ്ചയിൽ പകുതി ദിവസം തിരുവനന്തപുരത്തും പകുതി ദിവസം കോഴിക്കോട് മെഡിക്കൽ കോളേജിലുമായാണ് അദ്ദേഹം ജോലി നിർവ്വഹിക്കുന്നത്. |
| (സി)ഡോ.ടി.പി.അഷ്റഫിന് എം.സി.എച്ച്-ൽ എന്തെല്ലാം ചുമതലകളാണ് ഉണ്ടായിരുന്നത്; | (സി) അദ്ധ്യാപനം, രോഗികളുടെ പരിചരണം എന്നിവയാണ് മെഡിക്കൽ കോളേജിൽ ഡോ.അഷ്റഫിനുള്ള ചുമതല. |

| | |
|---|---|
| അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിന് എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്; | ഈ ചുമതലകൾ അദ്ദേഹം നിർവ്വഹിക്കുന്നു. കൂടാതെ ഈ കാലയളവിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ തീസീസ് ഗൈഡിന്റെ ചുമതലയും നിർവ്വഹിച്ചു വരുന്നു. വകുപ്പു തലവൻ യൂണിറ്റ് ചീഫായ ഒന്നാമത്തെ യൂണിറ്റിലാണ് ഡോ.ടി.പി.അഷ്റഫിനെ പോസ്റ്റ് ചെയ്തിരിക്കുന്നത്. ഡോ.അഷ്റഫിന് അധിക ചുമതല നൽകിയതിന് പകരമായി മറ്റാരെയും നിയമിച്ചിട്ടില്ല. |
| (ഡി) 01-02-2012 മുതൽ 30-11-2014 വരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് ഇദ്ദേഹം എത്ര തുക കൈപ്പറ്റിയിട്ടുണ്ട്; എത്ര ദിവസത്തെ അറ്റന്റൻസ് ഉണ്ട്; അറ്റന്റൻസ് രജിസ്റ്ററിന്റെ കോപ്പി ലഭ്യമാക്കുമോ? | (ഡി) 01/02/12 മുതൽ 30.11.2014 വരെ ഡോ.അഷ്റഫ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും കൈപ്പറ്റിയ തുക സംബന്ധിച്ച ലിസ്റ്റും ഇതേ കാലയളവിലെ അറ്റൻഡൻസ് രജിസ്റ്ററിന്റെ കോപ്പിയും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്